/89963/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്,ഡയറക്ടറേറ്റ് –ആദ്യ 1000 ദിന പദ്ധതി പ്രവർത്തനം വിലയിരുത്തൽ -കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ആദ്യ 1000 ദിന പരിപാടി 2022-23

**ഉത്തരവ് നം.DWCD/918/2022-ICDSA5 തീയതി: 30-03-2023**

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതായതിനാൽ കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ ഈ മേഖലയിലാരംഭിച്ച പദ്ധതി സംസ്ഥാനത്ത് നിലവിൽ ആകെ 42 ഐസിഡിഎസ് പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഭാഗമായി പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതിയുടെ ഭാഗമായി അങ്കണവാടി പ്രവർത്തകർ ഗർഭിണികളുടെ ഭവന സന്ദർശനം നടത്തുകയും ആവശ്യമായ ബോധവൽക്കരണവും ഇടപെടലുകളും നടത്തിവരുകയും ചെയ്യുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഗർഭാവസ്ഥമുതൽ കുഞ്ഞിന്റെ സമഗ്രവികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നേട്ടം ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഫലപ്രാപ്തി അവലോകനം ചെയ്ത് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിലേയ്ക്കുമായി വകുപ്പിൽ നിന്നും ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

| Number | Name | Designation |
|---|---|---|
| 1. | Kavita P R | CDPO, ICDS Pampady, Kottayam |
| 2. | Reshmi R | Supervisor, ICDS, Erathupetta, Kottayam |
| 3. | Krishnendu | ICDS Supervisor,Athiyanoor TVPM |
| 4. | Dr. Haripriya K N | Nutritionist , ICDS Vellanad Block,TVPM |
| 5. | Jeena Vargheese | ICDS Supervisor, Muthukulam,Alappuzha |

ഈ അംഗങ്ങൾ തെരഞ്ഞെടുത്ത പ്രോജക്ടുകളിൽ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സഹിതം ക്രോഡീകരിച്ച റിപ്പോർട്ട് 2 മാസത്തിനകം ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

/89963/2023

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :

1. ജില്ലാവനിതശിശുവികസനഓഫീസർ കോട്ടയം,ആലപ്പുഴ, തിരുവനന്തപുരം
2. പ്രോഗ്രാം ഓഫീസർ,കോട്ടയം,ആലപ്പുഴ, തിരുവനന്തപുരം
3. സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 30-03-2023 19:17:05